**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഉദ്യോഗസ്ഥരുടെ അഭാവം മൂലം ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ഉദ്യോഗസ്ഥരുടെ ഒഴിവ് ഉണ്ടെങ്കിലും ആയതുമൂലം നഗരസഭയുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ ഏതെല്ലാം ഒഴിവുകളാണ് നിലവിലുള്ളത്; ആയത് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? ; | (ബി) | ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം മുഖേന നിയമനം നടത്തിയിരുന്നുവെങ്കിലും ടിയാരി അവധിയിൽ പോയതിനെ തുടർന്ന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 23.09.2022 ലെ എൽഎസ്ജിഡി ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം ഹരിപ്പാട് നഗരസഭയിൽ നിയോഗിച്ചിരുന്ന അസിസ്റ്റൻറ് എഞ്ചിനീയർ ജോലിയിൽ പ്രവേശിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | വ്യക്തിപരമായ കാരണങ്ങളാലാണ് അസിസ്റ്റന്റ് എഞ്ചിനീയർ അവധിയിൽ പ്രവേശിച്ചിട്ടുള്ളത്. |
| (ഡി) | സ്ഥലമാറ്റം ഉത്തരവ് ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ പുതിയ ലാവണത്തിൽ പ്രവേശിക്കണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ളത്; ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ? | (ഡി) | സ്ഥലമാറ്റം ഉത്തരവ് ലഭിച്ചാൽ 15 ദിവസത്തിനകം സേവനത്തിൽ പ്രവേശിക്കണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി 3 മാസം വരെ അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ